⇨ *സമരത്തിന്റെ വലുതും ചെറുതുമായ വഴികൾ പുസ്തകം വ്യക്തമാക്കുന്നു* ⇨

# മരത്തേക്കാൾ അമരമായ സമരമരത്തിൻ നേരുകൾ

എൻഡോസൾഫാൻ വിക്ടിംസ് സപ്പോർട്ട് എയ്ഡ് ഗ്രൂപ്പിന്റെ (എൻവിസാജ്) മുൻകൈയിൽ തുടങ്ങിവെച്ച ഒപ്പുമരം എന്ന ഐക്യദാർഢ്യ സംരംഭത്തിന്റെ തുടർച്ചയായി പുറത്തിറക്കിയ 'ഒപ്പുമരം– എൻവിസാജ് രേഖകൾ' എന്ന പുസ്തകം സമരത്തിന് ഒരു തണലായി മാറുന്നു

**കെ. സന്ദീപ്**

കാസർഗോഡ് ബസ്സ്റ്റാന്റ് പരിസരത്ത് ഇന്ന് പ്രതിഷേധത്തിന്റെ ജീവവൃക്ഷമായി, കരങ്ങൾ വിടർത്തി നിൽക്കുന്ന ഒരു മരമുണ്ട്. എൻഡോസൾഫാൻ വിരുദ്ധതയുടെ മേൽവിലാസമായിത്തീർന്ന 'ഒപ്പുമരം'. നിരവധി പേർ ആത്മരോഷത്തിന്റെ ഒപ്പു കൂട്ടിയിട്ട് നിറച്ചു വെച്ച ഒരു തണലിടം. വിഷമഴ പൊള്ളിച്ച ദുരിതജീവിതങ്ങളോടുള്ള കടപ്പാടുകളുമായി ഒരായിരം ഒപ്പുകൾ അതിൽ കോറിനിറഞ്ഞിരിക്കുന്നു. എൻഡോസൾഫാന്റെ ആഗോള നിരോധനത്തെക്കുറിച്ചുള്ള സുപ്രധാന തീരുമാനമെടുക്കേണ്ടിയിരുന്ന ജനീവയിലെ കോൺഫറൻസ് ഓഫ് പാർട്ടീസ് നടന്ന 2011 ഏപ്രിൽ 15 മുതൽ 30 വരെയുള്ള നിർണ്ണായക ദിനങ്ങളിലാണ് ഒപ്പുമരമെന്ന സിഗ്നേച്ചർ ക്യാമ്പയിൻ കാസർഗോഡ് തുടങ്ങിയത്. എൻഡോസൾഫാന്റെ സകല പ്രതിരോധങ്ങളും നടന്ന കാസർഗോഡ് പുതിയ ബസ്സ്റ്റാന്റ് പരിസരത്തുള്ള മരത്തിൽ തുണിചുറ്റി അതിൽ പ്രതിഷേധങ്ങൾ ഒപ്പുകളായി നിറച്ചു. സാമൂഹിക ദ്രോഹികൾ വിഷം കുത്തിവച്ച് ഉണക്കാൻ ശ്രമിച്ചിട്ടും മരണത്തെ അതിജീവിച്ച ഒരു ശരക്കൊന്ന മരമാണ് ഇരകളുടെ സഹനങ്ങൾക്കും പോരാട്ടങ്ങൾക്കുമുള്ള ഒപ്പിടമായി തിരഞ്ഞെടുത്തത് എന്നതും ആ കാമ്പയിനിനെ കൂടുതൽ അർത്ഥപൂർണ്ണമാക്കി. ജീവിതത്തിന്റെ നാനാതുറകളിലുള്ളവർ, കേരളത്തിന്റെ പല ദിക്കുകളിൽ നിന്നുള്ളവർ ഒപ്പുമരച്ചുവട്ടിലേക്ക് ഒഴുകിയെത്തി ഐക്യദാർഢ്യം കൊണ്ട് അടിവരയിട്ടു. ഇന്ത്യയിലെ എൻഡോസൾഫാന്റെ നിർമ്മാണവും ഉപയോഗവും വിതരണവും നിരോധിച്ചുകൊണ്ടുള്ള സുപ്രീംകോടതിയുടെ വിധി കൂടി വന്നതോടെ ഒപ്പുമരം സാന്ത്വനത്തിന്റെ ഫലവൃക്ഷമായി മാറി. എൻഡോസൾഫാൻ വിക്ടിംസ് സപ്പോർട്ട് എയ്ഡ് ഗ്രൂപ്പിന്റെ (എൻവിസാജ്) മുൻകൈയിൽ തുടങ്ങിവെച്ച ഒപ്പുമരം എന്ന സംരംഭത്തിന്റെ തുടർച്ചയായി, അതേപേരിൽ ('ഒപ്പുമരം- എൻവിസാജ് രേഖകൾ') പുറത്തിറക്കിയ പുസ്തകം എൻഡോസൾഫാൻ സമരത്തിന്റെ ചരിത്രവും വർത്തമാനവും ഭാവിയും ചർച്ച ചെയ്യുന്നു. നാളിതുവരെയുള്ള എൻഡോസൾഫാൻ വിരുദ്ധ സമരത്തിന്റെ വലുതും ചെറുതുമായ വഴികൾ ഈ പുസ്തകം വ്യക്തമാക്കിത്തരുന്നു. ഏതെല്ലാം വഴികൾ സമരത്തിലേക്ക് എത്തിച്ചേർന്നുവെന്നും സമരം ആ വഴികളിലൂടെ എങ്ങനെ


ഒപ്പുമരം

ണ്ണടരുകളിൽ നിന്ന് ചെറുജീവികളുടെ ശ്വാസോച്ഛ്വാസം കേൾക്കാം," എന്ന് പുസ്തകത്തിന്റെ ആദ്യ താളുകൾ കുറിക്കുന്നു.

വിവിധ വിഭാഗങ്ങളിലായിട്ടാണ് പുസ്തകത്തിന്റെ ഉള്ളടക്കം രൂപപ്പെടുത്തിയിട്ടുള്ളത്. ഒപ്പുമരമെന്ന സങ്കൽപ്പത്തിന്റെ പിറവിയെക്കുറിച്ച് വ്യക്തമാക്കുന്ന കുറിപ്പുകളാണ് ആദ്യ അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വാക്ക് നഷ്ടപ്പെട്ടവരുടെ നാവായി മാറിയ ഒപ്പുമരത്തിന്റെ ചരിത്രം എൻഡോസൾഫാൻ വിരുദ്ധ സമരത്തിന്റെ നിർണ്ണായകമായ ചില കാലങ്ങളെക്കൂടി ഓർമ്മപ്പെടുത്തുന്നു. ഒപ്പുമരച്ചുവട്ടിൽ ഐക്യദാർഢ്യവുമായെത്തിയവരുടെ വാക്കുകളും ചിത്രങ്ങളും വിഷവിരുദ്ധതയുടെ പൊതുവികാരമായി പുസ്തകം പങ്കുവയ്ക്കുന്നു.

ഒപ്പുമരത്തിൽ കുറിച്ച ശേഷം കെ.ആർ. മീര പറയുന്നു, "കാസർക്കോട്ടെ അമ്മമാർ ഭരണാധികാരികളെ വിചാരണ ചെയ്യുമ്പോൾ സാക്ഷിയാകാൻ അതിൽ പങ്കെടുത്ത ബീഫാത്തിമ, ആയിഷ പെർള, ലക്ഷ്മി ചിപ്ലിയക്ക, സത്യഭാമ ബദിയടുക്ക എന്നിവർക്കൊപ്പം ഒരമ്മയായ എനിക്ക് കഴിഞ്ഞു. ഒപ്പുമരത്തിലെ എന്റെ ഒപ്പും സാർത്ഥകമായി, എൻഡോസൾഫാൻ നിരോധനത്തിലൂടെ. പക്ഷെ, ഇരകൾക്കാരുണ്ട്." മീരയെപ്പോലെ ഒപ്പുമരച്ചുവട്ടിലെത്തി ഐക്യദാർഢ്യം നൽകിയ പലരുടെയും കുറിപ്പുകൾ എൻഡോസൾഫാൻ സമരത്തിന് കരുത്ത് പകരുന്നു.

കാഴ്ചപ്പാട് എന്ന അധ്യായത്തിൽ വിവിധ സാമൂഹിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന പ്രമുഖ വ്യക്തികൾ എൻഡോസൾഫാൻ വിഷയത്തിൽ ഇടപെട്ടതിന്റെ വെളിപ്പെടുത്തലുകളാണ്. കാഞ്ഞങ്ങാട് നടത്തിയ എൻഡോസൾഫാൻ വിരുദ്ധ കൺവെൻഷനിൽ എം.ടി. വാസുദേവൻ നായർ നടത്തിയ പ്രസംഗം 'അസ്തിത്വത്തിന് വേണ്ടിയുള്ള സമരം' വീണ്ടും വായനാ വിധേയമാക്കുന്നു. പ്രതിപക്ഷ നേതാവായിരുന്ന സമയത്തും അതിനുശേഷവും വി.എസ്. അച്യുതാനന്ദൻ നടത്തിയ നിരാഹാര സമരം അടക്കമുള്ള ഇടപെടലുകൾ, എം.എൻ. വിജയന്റെയും ടി.ജെ.എസ്. ജോർജ്ജിന്റെയും ആനന്ദിന്റെയും പിന്തുണകൾ പുസ്തകം ഉൾക്കൊള്ളുന്നു. "ഇരകളായവർക്ക് നഷ്ടപരിഹാരം നൽകുക. ഏത് അപകടത്തിലും ഇരകളായവർക്ക് നൽകുന്നതിനേക്കാൾ കൂടുതലായിരിക്കണം ഇത്. കാരണം ഇവിടെ ഗവൺമെന്റ് സ്വയമാണ് കുറ്റവാളി. എൻഡോസൾഫാൻ നിർമ്മിക്കുന്നവരിൽ ഗ

നടന്നുവെന്നും പുസ്തകം പകർത്തിവയ്ക്കുന്നു. ഇരകളുടെ സമരോർജ്ജത്തെ വരികളിലൂടെ വരകളിലൂടെ ലോകത്തിന് മുന്നിൽ തുറന്നിടുന്നു.

പ്രതിരോധ സമരങ്ങളുടെ തുടർച്ചയായി കാസർഗോഡിന്റെ ജൈവികത തിരിച്ചുവരുന്നതിന്റെ പ്രതീക്ഷയിൽ നിന്നാണ് പുസ്തകം ആരംഭിക്കുന്നത്. "വിഷബാധയേറ്റ് മരിച്ചു പോയ ഈ മണ്ണ് ഞങ്ങളുടെ അമ്മമാർ കണ്ണീരിനാൽ വിശുദ്ധമാക്കിയിരിക്കുന്നു. മരിച്ചു പോയ ജീവജാലങ്ങളുടെ പുതിയ തലമുറ ഞങ്ങൾക്കായി പുതുജീവൻ വെച്ച് പൊന്തിവന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ മ

വൺമെന്റ് കമ്പനികളുണ്ട്. കാസർകോട് പ്രയോഗിച്ചതാകട്ടെ ഗവൺമെന്റ് കമ്പനി തന്നെയും. നിരോധിക്കണമെന്ന് ആവശ്യപ്പെടുന്നതും ഭരണകക്ഷിയും പ്രതിപക്ഷവും ഒന്നിച്ചാണ്. പിന്നെന്താണ് പ്രശ്നം? ആരെ തൃപ്തിപ്പെടുത്താനാണ് ഈ അസംബന്ധ നാടകവും നേതാക്കന്മാരുടെ ഡയലോഗും?" എൻഡോസൾഫാൻ പീഡിതരെ നേരിൽ കണ്ടതിന്റെ അനുഭവത്തിൽ നിന്നും ആനന്ദ് കുറിക്കുന്നു.

നഷ്ടപരിഹാരം പ്രഖ്യാപിച്ചിട്ടും നീതി നിഷേധിക്കപ്പെട്ടവരുടെ വേദനകൾ എം.എ. റഹ്മാൻ പറയുന്നു. 'ഹിഫ്ന (08), കാറ്റഗറി നമ്പർ: 1, നഷ്ടപരിഹാരം: 0'. ഹിഫ്ന മാത്രമല്ല ഇനിയുമുണ്ട് ഏറെപ്പേർ. സമരകാലങ്ങളിൽ കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ഇ. പത്മാവതിയും തണലിലെ ഡോ. എസ്. ഉഷയും അനുഭവങ്ങളിലൂടെ കാണിച്ചുതരുന്നു. എൻഡോസൾഫാന്റെ ദൂഷ്യവശങ്ങളെപ്പറ്റി ആദ്യമായി കാസർഗോഡൻ ഗ്രാമങ്ങളിൽ ഒരു കൈപ്പുസ്തകമിറക്കി ഗ്രാമീണർക്ക് മുന്നറിയിപ്പ് നൽകിയ എസ്. ഉഷയുടെ പ്രവർത്തനവും പുസ്തകം ഓർമ്മിക്കുന്നു.

എൻഡോസൾഫാൻ ദുരിതങ്ങളെ വരകളായി പകർത്തിയ കാസർഗോഡെ ചിത്രകാരന്മാർ സംസാരിക്കുകയാണ് 'അവരും ജീവിക്കുന്നു' എന്ന മൂന്നാം അധ്യായത്തിൽ. പോയ ചിത്രകാരൻമാരായിരുന്നില്ല മടങ്ങി വന്നത് എന്ന വെളിപ്പെടുത്തലോടെയാണ് ചിത്രകാരൻമാരുടെ താളുകൾ തുടങ്ങുന്നത്. എൻഡോസൾഫാൻ ബാധിതരുടെ മുഖങ്ങൾ കണ്ട ശേഷം കെ.എ. ഗഫൂർ എഴുതുന്നു, "എൻഡോസൾഫാൻ ഒരു കടങ്കഥയാണ്. ഇവിടെ ലക്ഷ്മിയും കുമാരനും മക്കളും സൈനബയുടെ ഉമ്മയും മക്കളും സുജാതയും സുന്ദരനും ഭാര്യയും ഒരു ഇരയുടെ കഥയല്ല; വിമോചനം ആവശ്യപ്പെടുന്ന ഒരു ജനവിഭാഗത്തിന്റെ കഥയാണ്". ജ്യോതി ചന്ദ്രൻ, എം.ബി. സുകുമാരൻ, രാജേന്ദ്രൻ പുല്ലൂർ, സചീന്ദ്രൻ കാറടുക്ക, വിനോദ് അമ്പലത്തറ, ബിജു കാഞ്ഞങ്ങാട് മോഹനചന്ദ്രൻ പനയാൽ എന്നിവരും ഇരകൾക്ക് വരകളിൽ ജീവൻ നൽകി. എൻഡോസൾഫാൻ ബാധിത മേഖലകളും വീടും പരിസരവും മുഖങ്ങളും ഭാവങ്ങളും ചലനങ്ങളും നിറങ്ങളുടെ അകമ്പടിയില്ലാതെ കറുപ്പിലും വെളുപ്പിലും ഇവർ കോറിയിട്ടു. കെ.എ. ഗഫൂറിന്റെ മണികണ്ഠനും സുജിത്തും രാജേന്ദ്രൻ പുല്ലൂർ വരച്ച തുമ്പികളുടെ ഇടയിലെ എണ്ണപ്പാറയിലെ അജിതയും സചീന്ദ്രൻ കാറടുക്ക വരച്ച മകൾ ശീലാവതിക്ക് അരികിലിരിക്കുന്ന അമ്മയും എം.ബി. സുകുമാരന്റെ താഹിറയും ബാദ്ഷയും, വിനോദ് അമ്പലത്തറയുടെ മകനെ എടുത്തു നിൽക്കുന്ന മമതയും അതിരുകളില്ലാത്ത വേദനകൾ കറുപ്പിന്റെ സങ്കലനത്തിലൂടെ നമ്മളോട് പങ്കുവയ്ക്കുന്നു.

എൻഡോസൾഫാൻ ഇരകളുടെ ഫോട്ടോഗ്രാഫുകൾ കണ്ണീരു വറ്റിപ്പോകും വിധം കേരളത്തെ കരയിച്ചിട്ടുണ്ട്. കാസർഗോഡ് എന്ന സ്ഥലത്തിൽ നിന്നും ദുരന്തത്തെ അടർത്തിമാറ്റി, ദേശകാലന്തരങ്ങളില്ലാത്ത പിന്തുണ അവിടേയ്ക്കെത്തിക്കുന്നതിൽ ഈ ഫോട്ടോകൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. അസ്വസ്ഥതകൾ ചിലപ്പോൾ ആവശ്യമായി മാറുന്ന കാഴ്ച. വിവരണങ്ങളോ അടിക്കുറിപ്പുകളോ ഇല്ലാതെ ഫോട്ടോകൾ ദുരന്തവ്യാപ്തി ലോകത്തോട് സ്വയം വിശദീകരിച്ചു. സമരത്തിന്റെ ഒരു രാഷ്ട്രീയ ആയുധമായി ആ ഫോട്ടോകൾ മാറി. "വാർത്താ ചിത്രങ്ങൾ എന്ന ആശ്രിതജന്മമല്ല, ഒരു സ്വതന്ത്ര അസ്തിത്വമാണ് മാധ്യമം എന്ന നിലയിൽ ഇവയ്ക്കുള്ളത്. ദാരിദ്ര്യം വിളിച്ചോതുന്ന ആഡംബരങ്ങളില്ലാത്ത അകൃത്രിമമായ ഇടങ്ങളാണ് ഈ ചിത്രങ്ങളിലെ സോഷ്യൽ ലാൻഡ്സ്കേപ്പ്. പലപ്പോഴും അവ കാഴ്ചയുടെ വർഗ്ഗസ്വഭാവം കൂടി അടയാളപ്പെടുത്തുന്നു. പേക്കിനാവുകൾ പോലെ അവ നമ്മെ ഞെട്ടിച്ച് ഉണർത്തുന്നു." എൻഡോസൾഫാൻ ഫോട്ടോകളുടെ രാഷ്ട്രീയ മാനത്തെക്കുറിച്ച് എ.ടി. മോഹൻരാജ് പുസ്തകത്തിൽ വിശദീകരിക്കുന്നു. ഫോട്ടോഗ്രാഫുകളിലൂടെ തങ്ങളുടെ ഭാഗം പൂരിപ്പിച്ചു കൊണ്ടിരിക്കുന്ന മധുരാജ്, നിഖിൽരാജ്, രാമനാഥപൈ, ദിനേശ് ഇൻസൈറ്റ്, ഓസ്റ്റിൻ ചെറുപുഴ, ഷാഫി തെരുവത്ത്, അച്ചു കാസർഗോഡ് എന്നിവർ ഛായ എന്ന അധ്യായത്തിൽ കടന്നു വരുന്നു.

എൻഡോസൾഫാൻ വിഷയവുമായി ബന്ധപ്പെട്ടുള്ള വിവിധ രചനകളാണ് 'രചന' എന്ന അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുത്. എം.എ. റഹ്മാന്റെയും കെ.ആർ. മനോജിന്റെയും ഡോക്യുമെന്ററികൾ, സാജൻ സിന്ധുവിന്റെ ആനിമേഷൻ സിനിമ 'പച്ചിലക്കൂട്' രാജ്മോഹൻ നീലേശ്വരത്തിന്റെ ഒപ്പുമരമെന്ന നാടകം, ഗോപീകൃഷ്ണന്റെ കാർട്ടൂണുകൾ, അംബികാസുതൻ മാങ്ങാടിന്റെ നോവൽ 'എൻമകജെ', പെദ്രെയുടെയും ലീലാകുമാരിയമ്മയുടെയും അനുഭവങ്ങൾ വെളിപ്പെടുത്തുന്ന പുസ്തകങ്ങൾ, യാത്രികൻ രവീന്ദ്രൻ 2003ൽ ചിന്ത വാ

## നിരോധനം വന്ന വഴി

2011 സെപ്തംബർ 30ന് ഇന്ത്യയിൽ എൻഡോസൾഫാൻ പൂർണ്ണമായും നിരോധിക്കാൻ സുപ്രീംകോടതി ഉത്തരവിട്ടു. കെട്ടിക്കിടക്കുന്നവ ഉപാധികളോടെ കയറ്റിയയ്ക്കാനും കോടതി അനുമതി നൽകി. ഇന്ത്യയിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന 17 ലക്ഷം കിലോഗ്രാം എൻഡോസൾഫാൻ കയറ്റുമതി ചെയ്യാമെന്നും സ്റ്റോക്ക് തീരുന്ന മുറക്ക് കയറ്റുമതിയിലുള്ള ലൈസൻസ് റദ്ദാക്കണമെന്നും സുപ്രിംകോടതി നിർദേശിച്ചു.

⇨ *ഒറ്റയ്ക്കും കൂട്ടമായും മുന്നോട്ടുവന്ന് സമരമായി മാറിയവരും ഈ അധ്യായത്തിൽ നിറയുന്നുണ്ട്* ⇨



ശീലാവതിയും അമ്മയും. വര: സചീന്ദ്രൻ

രികയ്ക്ക് വേണ്ടി ലേഖനം എന്നിവ ഈ അധ്യായത്തിൽ ഉൾച്ചേർത്തിരിക്കുന്നു.

കാസർഗോഡിന്റെ മുഖചിത്രങ്ങളായി മാറിയ കെ. ഷെരീഫിന്റെ ചിത്രങ്ങളാണ് പുസ്തകത്തിന്റെ ആത്മാവ്. ഒപ്പുമരവും കാസർഗോഡൻ ചെങ്കൽക്കുന്നുകളുടെ പ്രാക്തന സ്ഥലരാശികളും വിഷം പെയ്തിറങ്ങിയ ഈ ഭൂമിയിൽ വീണ്ടും തിണർക്കുന്ന പച്ചപ്പുകളും ജീവിവർഗങ്ങളും ഷെരീഫ് എന്നേ വരച്ചു കഴിഞ്ഞത് ഒരു യാദൃശ്ചികത യാവാം എന്ന് പുസ്തകം പറയുന്നു.

എൻഡോസൾഫാൻ അടക്കമുള്ള പരിസ്ഥിതി മനുഷ്യാവകാശ പ്രശ്നങ്ങളിൽ ഇടപെട്ട്, പിന്നാലെ വരുന്നവർക്ക് ഇടപെടാനുള്ള ഒരുപാട് സാധ്യതകൾ തുറന്നുവച്ച് മറഞ്ഞുപോയ ജോൺസി മാഷിനെയും ശിവപ്രസാദ് മാഷിനെയും എൻഡോസൾഫാൻ വിരുദ്ധ സമരത്തിലെ ആദ്യ പോരാളി കെ.ടി. മോഹൻദാസ്, മാധ്യമ പ്രവർത്തകൻ സുരേന്ദ്രൻ നീലേശ്വരം എന്നിവരെയും പുസ്തകം ഓർമ്മിക്കുന്നു. ഒറ്റയ്ക്കും കൂട്ടമായും മുന്നോട്ടുവന്ന് സമരമായി മാറിയവരും ഈ അധ്യായത്തിൽ നിറയുന്നുണ്ട്. ലീലാകുമാരി അമ്മ, ശ്രീപഡ്രെ, ഡോ. വൈ.എസ്. മോഹൻകുമാർ, ഡോ. ശ്രീകുമാർ കജംപടി, കെ.എസ്. അബ്ദുള്ള, ബി.സി. കുമാരൻ, സോളിഡാരിറ്റി, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഫോർത്ത് എസ്റ്റേറ്റ്, മാധ്യമം ദിനപത്രം/ആഴ്ചപ്പതിപ്പ്, ഇന്ത്യാവിഷൻ എന്നിവരുടെ സംഭാവനകളെ പുസ്തകം വിലമതിക്കുന്നു.

പ്രതിരോധത്തിന്റെ നൂതന രീതികൾ എൻഡോസൾഫാൻ വിരുദ്ധ സമരത്തിന്റെ

ഭാഗമായിരുന്നു. നെഞ്ചംപറമ്പിലെ അമ്മമാർ നീതി പീഠത്തിനയച്ച കത്തും മുഖ്യമന്ത്രിക്കയച്ച കത്തും ഒപ്പുമരവും സമരത്തിന്റെ പുതിയ മുഖങ്ങളാവുന്നതെങ്ങനെയെന്ന് പുസ്തകം കാണിച്ചുതരുന്നു.

അനുകൂലവും പ്രതികൂലവുമായ നിരവധി പഠനങ്ങൾ എൻഡോസൾഫാൻ വിഷയത്തിൽ വിവിധ മേഖലകളിൽ നിന്ന് ഉണ്ടായിട്ടുണ്ട്. ഈ പഠനങ്ങളുടെ പ്രസക്തി തിരിച്ചറിഞ്ഞുകൊണ്ടുതന്നെ അവയും പുസ്തകം ഉൾച്ചേർത്തിരിക്കുന്നു. ആരോഗ്യപ്രശ്നങ്ങളുടെ കാരണം എൻഡോസൾഫാനാണെന്ന് തെളിയിക്കുന്ന മെഡിക്കൽ റിപ്പോർട്ടുകൾ, ഡോ. പി.കെ. ശിവരാമൻ കമ്മിറ്റി റിപ്പോർട്ട്, എൻ.ഐ.ഒ.എച്ച് റിപ്പോർട്ട്, ഐ.സി.എം.ആർ റിപ്പോർട്ട്, ഡോ. വൈ.എസ്. മോഹൻകുമാർ റിപ്പോർട്ട്, എൻഡോസൾഫാൻ നിരോധിച്ചുകൊണ്ടുള്ള സ്റ്റോക് ഹോംവിധി, എൻഡോസൾഫാൻ നിരോധിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധി, മനുഷ്യാവകാശ കമ്മീഷൻ സർക്കാറിന് നൽകിയ നിർദ്ദേശങ്ങൾ, നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് തുടങ്ങിയ പോരാട്ടങ്ങൾക്ക് എന്നും കരുത്തുപകരുന്ന ആധികാരിക രേഖകൾ പുസ്തകം നീതിക്കായി പൊരുതുന്നവർക്ക് വേണ്ടി പങ്കുവയ്ക്കുന്നു. എൻഡോസൾഫാൻ ബാധിച്ച 11 പഞ്ചായത്തുകളിൽ പഠനം നടത്തിയ പരിയാരം മെഡിക്കൽ കോളജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം ഡോ. എ.കെ. ജയശ്രീയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എൻവിസാജ് തയ്യാറാക്കിയ പരിഹാരങ്ങളും പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എൻവിസാജിന്റെ രണ്ടാംഘട്ട പുനരധിവാസ പദ്ധതി 'സഹജീവനം ബദലിന്റെ' തുടങ്ങി വെക്കലും പുസ്തകത്തിലൂടെ നടക്കുന്നുണ്ട്. സഹജീവനം ഇരയിൽ നിന്നും സഹജീവിയിലേക്കുള്ള പ്രയാണമാണെന്നും 'ഇര' എന്ന വാക്കല്ല 'സഹജീവി' എന്ന വാക്കാണ് പഥ്യമെന്നും ഈ സംരംഭം പറയുന്നു.

15 മാസങ്ങൾ കൊണ്ട് 22 ലക്ഷത്തോളം രൂപ ഇരകൾക്ക് നൽകാൻ കഴിഞ്ഞതിന്റെ വിശദാംശങ്ങളും എൻവിസാജ് പ്രവർത്തകർ പുസ്തകത്തിലൂടെ വെളിപ്പെടുത്തുന്നു. പ്രതിരോധത്തിന്റെ നാൾവഴികൾ എന്ന അധ്യായം ചരിത്രമായിത്തീർന്ന സമരത്തിന്റെ പോരാട്ട വഴികൾ കുറിക്കുന്നു. 1960ൽ ഇന്ത്യയിൽ ഹരിതവിപ്ലവത്തിന് തുടക്കം കുറിച്ചു എന്ന് തുടങ്ങുന്ന നാൾവഴിക്കണക്ക് വിഷമെത്തിയ രാഷ്ട്രീയ സാഹചര്യങ്ങളെക്കൂടി പ്രശ്നവത്കരിക്കാൻ മറക്കുന്നില്ല. എൻഡോസൾഫാൻ പോരാട്ടത്തിൽ സജീവമായി പങ്കെടുത്ത സംഘടനകളെയും ചെറു സംഘങ്ങളെയും പുസ്തകം മറക്കുന്നില്ല. പ്രതിരോധ പ്രവർത്തനം വെറുതെയാകുന്നില്ല എന്ന വിശ്വാസത്തിന്റെ സൂചനകൾ പങ്കുവയ്ക്കുന്ന 'സ്റ്റോപ്പ് പ്രസ്' എന്ന അധ്യായം സഹകാലവാർത്തകളെ വായനക്കാരിലെത്തിക്കുന്നു. ഒപ്പം ഡീടോക്സിഫിക്കേഷൻ നടപടികൾ തുടങ്ങിയിട്ടില്ല എന്നതിനാൽ ചെറിയ ആഹ്ലാദങ്ങൾക്കിടയിലും ഉത്കണ്ഠകൾ മറഞ്ഞുകിടപ്പുണ്ടെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

ഈ പുസ്തകം ഒരു സമരത്തിന്റെ ഉപസംഹാരമല്ല. പോയകാലങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ട് മുന്നോട്ടുള്ള വഴികൾ സുവ്യക്തമാക്കുന്നതിനുള്ള ഒരു തുടക്കം മാത്രം. വരുംകാലങ്ങളെ, യത്നങ്ങളെ ആർക്കു വേണമെങ്കിലും പൂരിപ്പിക്കാവുന്ന തരത്തിൽ അവസാന താളുകൾ ഒഴിച്ചിട്ടിരിക്കുന്നതും അതുകൊണ്ടാണ്. സഹജീവിയുടെ വേദനകൾക്ക് ശമനം തിരയാനുള്ള ഊർജ്ജ പ്രവാഹങ്ങളെ ഉള്ളിൽ നിറയ്ക്കുന്നു 'ഒപ്പുമരം' വായന. ■




**ഒപ്പുമരം**

എൻവിസാജ് രേഖകൾ

പ്രസാധനം:
എൻവിസാജ്, കാസർഗോഡ്

ചീഫ് എഡിറ്റർ :
എം.എ. റഹ്മാൻ

ബന്ധങ്ങൾക്ക്:
09048576384, 9447323555

**പുതിയ വീഞ്ഞ് പുതിയ കുപ്പി**

സാമ്പത്തികഭാരം കൂടിയതിനാൽ കേരളീയം പുതിയ രൂപത്തിനൊപ്പം വിലയും അല്പം കൂട്ടിയിരിക്കുന്നു. വായനക്കാർ സഹകരിക്കുക.

**ഒറ്റപ്രതി: 25 രൂപ**

**വാർഷിക വരിസംഖ്യ: 300 രൂപ**